**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 225** **22-02-2022 - ൽ മറുപടിയ്ക്ക്**

**കോവിഡ് -19 -ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിൽ നിന്നും കോവിഡ് ബാധിതരായി ഇതര സംസ്ഥാനങ്ങളിലെ ആശുപത്രികളിൽ മരണപ്പെട്ടവർക്ക് ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിൽ ആണെന്ന് അറിയിക്കാമോ; | (എ) | കോവിഡ് ബാധിച്ച് മറ്റ് സംസ്ഥാനങ്ങളിൽ വച്ച് മരണം സംഭവിച്ചവരുടെ അടുത്ത ബന്ധുക്കൾക്ക് കോവിഡ് പോസിറ്റീവ് സർട്ടിഫിക്കറ്റിന്റെയും മരണ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ കോവിഡ് എക്സ് ഗ്രേഷ്യ അനുവദിക്കുന്നതിന് 13/1/2022ലെ സ.ഉ(സാധാ)നം.34/2022/ഡി.എം.ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റ സംസ്ഥാനങ്ങളിൽ വച്ച് കോവിഡ് മൂലം മരണമടഞ്ഞവരുടെ അടുത്ത ആശ്രിതർക്ക് എക്സ് ഗ്രേഷ്യ നൽകുന്നതിനുള്ള അപേക്ഷ 07/02/2022 മുതൽ ഓൺലൈനായി സമർപ്പിക്കാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.ടി അപേക്ഷകൾ അക്ഷയ കേന്ദ്രത്തിന് പുറമേ എല്ലാ വില്ലേജുകളിലും സ്വീകരിക്കാനുള്ള നടപടി ജില്ലാഭരണകൂടങ്ങൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് സോഫ്റ്റ്‌വെയറിൽ വരുത്തേണ്ട മാറ്റം ഏതു ഏജൻസി വഴിയാണ് നടപ്പിലാക്കുന്നത് എന്നറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | കോവിഡ് ധനസഹായം ലഭ്യമാക്കുന്നതിലേയ്ക്കായുള്ള ഓൺലൈൻ പോർട്ടൽ, സോഫ്റ്റ് വെയർ എന്നിവയുടെ പ്രവർത്തനങ്ങൾ സി-ഡിറ്റ് വഴിയാണ് നടപ്പിലാക്കി വരുന്നത്. |
| (സി) | ഈ വിഷയം സംബന്ധിച്ച് കോഴിക്കോട്ട് ജില്ലയിലെ ശ്രീമതി ബബിത ആർ., പാർത്ഥിവം, കല്പത്തൂർ, മേപ്പയൂർ എം.എൽ.എ. മുഖാന്തിരം സമർപ്പിച്ച അപേക്ഷ സംബന്ധിച്ചുള്ള തീരുമാനം അറിയിക്കാമോ? | (സി) | കോഴിക്കോട്ട് ജില്ലയിലെ ശ്രീമതി ബബിത ആർ സമർപ്പിച്ച അപേക്ഷ DMA1/21/2022-DMD നമ്പർ ഫയലിൽ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ